**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1214** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ നുച്യാട് - മണിക്കടവ് - കാഞ്ഞിരിക്കൊല്ലി റോഡിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2023-24 ബഡ്ജറ്റിൽ നാല് കോടി രൂപ അനുവദിച്ച ഇരിക്കൂർ മണ്ഡലത്തിലെ നുച്യാട് - മണിക്കടവ്-കാഞ്ഞിരിക്കൊല്ലി റോഡിന്റെ നിലവിലെ പ്രവൃത്തികളുടെ വിശദാംശം നൽകാമോ; | (എ) | നുച്യാട് –മണിക്കടവ് – കാഞ്ഞിരക്കൊല്ലി റോഡ് പ്രവൃത്തി 03.02.2024 തീയതിയിൽ കരാറുകാരൻ ആരംഭിച്ചിരുന്നു. പൂർത്തീകരണ കാലാവധി 7 മാസം ആയിരുന്നു. സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നതിനാൽ 30.11.2024 വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നുവെങ്കിലും ഈ കാലയളവിലും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരന് സാധിച്ചിട്ടില്ല. നിലവിൽ 5 കലുങ്കുകളുടെ പ്രവൃത്തിയും 1500 മീറ്റർ ഡ്രെയിനേജിൽ 750 മീറ്റർ ഡ്രെയിനേജും, റോഡിന്റെ ഫോർമേഷൻ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണം പാതിവഴിയിൽ നിലച്ചതിനാൽ പൊതുജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | റോഡിന്റെ ഉപരിതലപ്രവൃത്തി തുടങ്ങാത്തതുകാരണം കരാറുകാരനോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കുഴികൾ GSB ഇട്ട് ഗതാഗതയോഗ്യമാക്കുകയും, പൊടിശല്യം ഒഴിവാക്കുന്നതിനായി റോഡിൽ വെള്ളം നനക്കുകയും ചെയ്തുവരുന്നുണ്ട്. |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത റോഡിന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കാനും അത് പൂർത്തിയാക്കാനുമുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ പ്രവൃത്തി എത്രയും പെട്ടെന്നു തന്നെ പുന:രാരംഭിക്കാമെന്ന് കരാറുകാരൻ ഉറപ്പു നൽകിയിട്ടുണ്ട്. പ്രവൃത്തി ഇനിയും വൈകിച്ചാൽ ടെർമിനേഷൻ അടക്കമുള്ള നടപടികൾ ആരംഭിക്കുമെന്നറിയിച്ചുകൊണ്ട് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. കരാറുകാരൻ വീഴ്ച വരുത്തുന്ന പക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി അവസാനിപ്പിച്ച് പുന:ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ